മിസ്സർ പറമ്പിലോനപ്പൻ : വളരെയധികം താമസം നേരിടുകയുണ്ടായില്ല. ചില പുസ്തകങ്ങൾ നൽകുവാൻ താമസം നേരിട്ടതു് ആയവ തൽസമയത്തു വീണ്ടും അച്ചടിച്ചു കിട്ടുവാൻ താമസം നേരിട്ടതിനാലാണു്.

EXPENDITURE—NELLIYAMPATHI VEGETABLE CULTIVATION

277. മിസ്സർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) നെല്ലിയാംപതി മലയിൽ ഗവർമ്മേണ്ടു് തുടങ്ങിയിട്ടുള്ള പച്ചക്കറിത്തോട്ടത്തിൽ കെട്ടിടങ്ങൾ മുതലായവകൾക്കു ഉപ്പടെ ആകെ എത്ര ഉപ്പിക ക ക ഠ ാ മിഥുനം ന ാ-ാംതീ-വരെ ചിലവായിട്ടുണ്ടു്;

(ബി) ഏതേതു ഇനങ്ങളിലാണു് ഈ സംഖ്യകൾ ചിലവായിട്ടുള്ളതു്; ഓരോ ഇനത്തിൽ എത്ര ഉറുപ്പികവീതം ചിലവായിട്ടുണ്ടു്;

(സി) ഈ പണികളെല്ലാം കരാറുപ്രകാരം നടത്തിച്ചതോ ഡിപ്പാർട്ടുമെണ്ടിൽനിന്നു് നേരിട്ടു നടത്തിച്ചതോ;

(ഡി) കരാറുപ്രകാരമായിരുന്നെങ്കിൽ, കരാറുകാർ ആരെല്ലാം;

(ഇ) ഡിപ്പാർട്ടുമെണ്ടിൽനിന്നു നേരിട്ടു നടത്തിച്ചതാണെങ്കിൽ ആയതു് ഏതുവിധത്തിൽ നടത്തിച്ചു; ആരുടെ മേൽനോട്ടത്തിൽ;

(എഫ്) ഈ പണികൾ എല്ലാം ചെക്കുമെഷർ ചെയ്തതാരാണു്?

മിസ്സർ പറമ്പിലോനപ്പൻ :

(എ) ക. ന, ക്ന, ഠ ൈര— ക ര— ക ഠ.

(ബി) ലിസ്റ്റ് മേശപ്പുറത്തു വെച്ചിരിക്കുന്നു.

(സി) ഡിപ്പാർട്ടുമെണ്ടിൽനിന്നു നേരിട്ടു നടത്തിച്ചതു.

(ഡി) മൂന്നാംചോദ്യത്തിനുള്ള ഉത്തരംകൊണ്ടു് ഈ ചോദ്യത്തിനും ഉത്തരം ആവശ്യമില്ല.

(ഇ) കൂലിക്കാരെക്കൊണ്ടു് നടത്തിച്ചു. നെല്ലിയാംപതി ഫാറം സൂപ്രണ്ടിന്റേയും കൃഷിഡയറക്ടരുടേയും മേൽനോട്ടത്തിൽ നടത്തിച്ചു. കെട്ടിടംപണികൾ സ്പെഷ്യൽ ഓവർസിയരുടേയും പഞ്ചായത്തു അസിറ്റാണ്ടു് എഞ്ചിനീയരുടേയും മേൽനോട്ടത്തിൽ.

(എഫ്) കെട്ടിടം പണികൾ ഒഴിച്ചു വേറെയുള്ള പണികൾ ചെക്കുമെഷർ ചെയ്തതു് ഫാറം സൂപ്രണ്ടും കൃഷിഡയറക്ടരും. കെട്ടിടം പണികൾ ചെക്കുമെഷർ ചെയ്തകഴിഞ്ഞിട്ടില്ല.

DEPRESSED CLASS STUDENTS—PARTICULARS OF

278. Mrs. Dakshayani Velayudhan *(Nominated)* : Will Government be pleased to state.—

how many Depressed Class students were studying last year.—

(*a*) in the College;
(*b*) in the Upper Secondary;
(*c*) in the Lower Secondary;
(*d*) Primary Classes?

Mr. Parambi Lonappen *(Minister for Rural Development)* :

(*a*) 29 (Twenty nine)
(*b*) 441 (Four hundred and forty one)
(*c*) 1148 (One thousand, one hundred and forty eight)
(*d*) 13450 (Thirteen thousand, for hundred and fifty)

GOVERNMENT FARM—PARTICULARS OF

ഠ ന്റ. മിസ്സർ ടി. കെ. എൽ. കുഞ്ഞുവറീത്ത് : താഴെ എഴുന്ന ചോദ്യങ്ങൾക്കു മറുപടിയായി ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഗവമ്മെണ്ടു് ഫാറത്തിൽ ഇന്നേവരെ എത്ര മൂലധനം ചിലവാക്കിയിട്ടുണ്ടു്;

(ബി) കഴിഞ്ഞ അഞ്ചുകൊല്ലമായി കൊല്ലംതോറും എത്ര സംഖ്യ ചിലവുചെയ്തുണ്ടു്;

(സി) ഫാറത്തിന്റെ പ്രവർത്തനംകൊണ്ടു് കൊച്ചിരാജ്യത്തെ കൃഷിക്കോ, കൃഷിക്കാർക്കോ വല്ല ഗുണവും ഉണ്ടായിട്ടുള്ളതായി ഗവമ്മെണ്ടിന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly